(ഇ) കണക്കാക്കിയിട്ടില്ല.

(എഫ്) പാട്ടക്കരാർ പുതുക്കിയിട്ടില്ല. 14-5-2004-ലെ ജി. ഒ. (പി) 124/2004/ ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം പാട്ടം പുതുക്കി നിശ്ചയിച്ചു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ജി) പാട്ടക്കുടിശ്ശിക പുതുക്കി പ്രഖ്യാപിച്ചപ്പോൾ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ വാണിജ്യ ആവശ്യങ്ങൾക്കും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഭൂമി പാട്ടത്തിനു നൽകുന്ന കേസുകളിൽ മാർക്കറ്റ് വിലയുടെ 10% നിരക്കിലും, വ്യക്തികൾക്കും, സാമൂഹിക ധർമ്മ സ്ഥാപനങ്ങൾക്കും 99 വർഷത്തേയ്ക്ക് തുച്ഛമായ നിരക്കിൽ പാട്ടത്തിനു നൽകിയിരുന്ന കേസ്സുകളിൽ 5% നിരക്കിലും കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും സ്ഥാപനങ്ങൾക്കും മാർക്കറ്റ് വിലയുടെ 5% നിരക്കിലും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും അവയുടെ പ്രവർത്തനത്തിന് ഒഴിച്ചുകൂടാൻ കഴിയാത്ത ഭൂമിക്ക് 2% നിരക്കിലും അതു കഴിഞ്ഞ് വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമിക്ക് 10% നിരക്കിലും കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ ഇവയ്ക്ക് വാണിജ്യ ആവശ്യങ്ങൾക്ക് 5% നിരക്കിലും വാണിജ്യേതര ആവശ്യങ്ങൾക്ക് 2% നിരക്കിലും സാംസ്കാരിക പ്രവർത്തനങ്ങളുടെ ഉന്നമനത്തിനായും വിനോദ സഞ്ചാരവുമായും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും ക്ലബ്ബുകൾക്കും 2.5% നിരക്കിലും ആണ് പാട്ടത്തുക പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ടി ഭേദഗതി വരുത്തുന്നതിന് മുമ്പ് വാണിജ്യ ആവശ്യത്തിന് ഭൂമിയുടെ കമ്പോള വിലയുടെ 20%-വും, വാണിജ്യേതര ആവശ്യത്തിന് കമ്പോള വിലയുടെ 10%-വുമാണ് ഈടാക്കിയിരുന്നത്.

(എച്ച്) 1995-ലെ ഭൂമി പതിവ് ചട്ടപ്രകാരം നിലവിലുണ്ടായിരുന്ന എല്ലാ നിരക്കിലും കുറവ് വരുത്തിയിട്ടുണ്ട്.

(ഐ) മുനിസിപ്പൽ/കോർപ്പറേഷൻ പരിധിയിൽ വരുന്ന എല്ലാ വിഭാഗം കേസുകളിലും പാട്ടനിരക്കിൽ കുറവ് വരുത്തിയിട്ടുണ്ട്. ഭേദഗതി ഉത്തരവിൽ എല്ലാ വിഭാഗത്തിന്റെയും വിശദാംശം വ്യക്തമാക്കിയിട്ടുണ്ട്.

പാട്ട ഭൂമിക്ക് പാട്ടം പുതുക്കി നിശ്ചയിക്കുന്നതിന് കമ്മിറ്റി

20 [634] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടഭൂമിക്ക് നിശ്ചയിച്ചിട്ടുള്ള പാട്ടം പുതുക്കി നിശ്ചയിക്കുന്നതിന് മുൻപ് മന്ത്രിസഭാ തലത്തിലുള്ള ഒരു കമ്മിറ്റി ഇക്കാര്യം വിലയിരുത്തിയിരുന്നോ;

(ബി) ഈ കമ്മിറ്റിയെ എന്നാണ് നിയോഗിച്ചത്; കമ്മിറ്റി എത്ര പ്രാവശ്യം യോഗം ചേർന്നു?

ഉത്തരം

(എ ആന്റ് ബി) 5-9-2001-ൽ കൂടിയ മന്ത്രിസഭാ യോഗതീരുമാനപ്രകാരം റവന്യൂ വകുപ്പുമന്ത്രി കൺവീനറും വ്യവസായ, സഹകരണ, വിദ്യാഭ്യാസ, ധനമന്ത്രിമാർ അംഗങ്ങളുമായുള്ള ഒരു മന്ത്രിസഭാ ഉപസമിതിയെ നിശ്ചയിച്ചു. പ്രസ്തുത സമിതി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

23-7-2002-ൽ യോഗം ചേർന്നു. ഈ വിഷയം വിശദമായി പരിശോധിച്ച് ശുപാർശ സമർപ്പിച്ചു. ഈ ശുപാർശ 3-12-2002-ൽ ചേർന്ന മന്ത്രിസഭാ യോഗത്തിന് സമർപ്പിച്ചു. തീരുമാനമാകാത്തതിനാൽ 25-6-2003-ൽ ചേർന്ന മന്ത്രിസഭായോഗം ധനകാര്യവും, എക്സൈസും വകുപ്പുമന്ത്രിയും, റവന്യൂവും നിയമവും വകുപ്പുമന്ത്രിയുംകൂടി വീണ്ടും ചർച്ച ചെയ്ത് നിർദ്ദേശം കൊണ്ടുവരാൻ തീരുമാനിച്ചു. 15-10-2003-ൽ ഈ കമ്മിറ്റി യോഗം ചേർന്നു. കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 7-1-2004-ലെ മന്ത്രിസഭാ യോഗം പാട്ടം യുക്തിസഹമായി പരിഷ്ക്കരിക്കുവാൻ തീരുമാനിച്ചു.

"സർക്കാർ ഭൂമി പാട്ടത്തിനു നൽകിയ ഇനത്തിൽ സർക്കാരിന് ലഭിക്കാനുള്ള തുക"

21 [635] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പാട്ടത്തിനു നൽകിയ ഇനത്തിൽ പ്രതിവർഷം എത്ര കോടി രൂപയാണ് വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സർക്കാരിന് ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ ഇപ്പോൾ എത്ര കോടി രൂപയാണ് പ്രതിവർഷം സർക്കാരിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പാട്ടനിരക്ക് കുറച്ചതിന്റെ ഫലമായി പ്രതിവർഷം എത്ര കോടി രൂപയുടെ കുറവാണ് ഈ ഇനത്തിൽ സർക്കാരിനുണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളും വ്യക്തികളുമാണ് സർക്കാരിന് കുടിശ്ശിക നൽകാനുള്ളതെന്ന് ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ 11,52,81,982 രൂപ പാട്ട കുടിശ്ശികയായി കണക്കാക്കിയിട്ടുണ്ട്. പാട്ട കാലാവധി കഴിഞ്ഞ കേസുകൾ പുതുക്കാതിരിക്കുകയും പുതിയ കേസുകൾക്ക് പാട്ടം നൽകുകയും ചെയ്യുന്നതിനാൽ പ്രതിവർഷം ഉള്ള പാട്ട കുടിശ്ശികയിൽ വ്യത്യാസം വരാവുന്നതാണ്.

(ബി) 2003-2004 സാമ്പത്തിക വർഷത്തിൽ 1,77,99,179 രൂപ പാട്ട കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടുകയുണ്ടായി.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) പൂർണ്ണമായ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly